(സി) 1996-97-ൽ 711.62 ലക്ഷം രൂപയും 1997-98-ൽ 687.59 ലക്ഷം രൂപയും ലാഭം ഉണ്ടായിട്ടുണ്ട്.

(ഡി) നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിനുള്ള ഗ്യാരന്റി തുകയ്ക്കുള്ള നിക്ഷേപങ്ങൾ കമ്പനി സ്വീകരിച്ചു കഴിഞ്ഞിട്ടുള്ളതിനാൽ കൂടുതൽ നിക്ഷേപങ്ങൾ സ്വീകരിക്കാൻ ഇപ്പോൾ നിർവ്വാഹമില്ല. ഉദാരവ്യവസ്ഥയിൽ ചെറുകിടക ച്ചവടക്കാർ മറ്റു വ്യാപാര വാണിജ്യ സ്ഥാപനങ്ങൾ തുടങ്ങിയവക്ക് വായ്പ നൽകുന്നതിനുള്ള പദ്ധതി ഇപ്പോൾ തന്നെ നിലവിലുണ്ട്.

22 (1754) കെ.എഫ്.സി.യിൽ നിന്നുള്ള വായ്പ

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും പാലക്കാട് ജില്ലയിലെ ഒറ്റപ്പാലത്തെ 'പെസ്റ്റിറാഡ്' എന്ന വ്യവസായ സ്ഥാപനം എന്നാണ് വായ്പ എടുത്തത്; എത്ര രൂപയാണ് വായ്പ നൽകിയത്; ഇതിൽ എത്ര രൂപ തിരിച്ചടച്ചിട്ടുണ്ട്, ഇപ്പോൾ എത്ര രൂപയാണ് ഈ സ്ഥാപനം കെ.എഫ്.സി യിൽ തിരിച്ചടക്കുവാനുള്ളത്;

(ബി) 'പെസ്റ്റിറാഡ്' എന്ന സ്ഥാപനം കെ.എഫ്.സി.യിൽ നിന്നും വായ്പ എടുക്കുവാൻ എന്താണ് ഈട് നൽകിയിരുന്നത്.

(സി) 'പെസ്റ്റിറാഡിന്' എതിരായി കെ.എഫ്.സി.എന്തെല്ലാം നടപടി കളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അവയുടെ ഇപ്പോഴത്തെ അവസ്ഥ എന്താ ണെന്നും വിശദീകരിക്കുമോ;

(ഡി) ഇപ്പോൾ പ്രസ്തുത വ്യവസായ സ്ഥാപനം പ്രവർത്തിക്കു ന്നുണ്ടോ?

ഉത്തരം

(എ) 1978,മേയ് മാസത്തിലാണ് വായ്പ എടുത്തത്.

കൊടുത്ത വായ്പ	1,20,486 രൂപ
തിരിച്ചടച്ച തുക	1,25,846 രൂപ
തിരിച്ചടക്കുവാനുള്ള തുക	
(28.6.99 വരെ പലിശ സഹിതം)	8,56,809/രൂപ.

(ബി) ഈട് വസ്തു, വ്യവസായസ്ഥാപനം ഇരിക്കുന്ന 75 സെന്റ് സ്ഥലവും അതിലുള്ള കെട്ടിടവും മറ്റു യന്ത്രസാമഗ്രികളും, കൂടാതെ 1 ഏക്കർ 07 സെന്റ് സ്ഥലവും.

(സി) വായ്പ തിരിച്ചടക്കാത്തതിനാൽ റവന്യൂ റിക്കവറി നടപടി എടു ക്കുകയും ഡെപ്യൂട്ടി തഹസീൽദാർ (ആർ. ആർ.),കെ.എഫ്.സി.,തൃശ്ശൂർ, പ്രസ്തുത സ്ഥലവും കെട്ടിടവും ജപ്തിചെയ്ത് കെ.എഫ്.സി.യെ സൂക്ഷിക്കു വാൻ ഏല്പിച്ചിരിക്കുകയുമാണ്. 30.7.99 -ന് ഇത് വില്പനയ്ക്കുവേണ്ടി ലേല ത്തിന് വച്ചിരിക്കുകയാണ്.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly